പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1618 — 02.07.2015-ൽ മറുപടിക്ക്

ശുചിത്വ മിഷന്റെ മാലിന്യ മുക്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| 1. ശ്രീ. സണ്ണി ജോസഫ്<br>2. " എം.എ. വാഹീദ്<br>3. " പി.സി.വിഷ്ണുനാഥ്<br>4. " ഹൈബി ഈഡൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) ശുചിത്വമിഷൻ വഴി മാലിന്യ മുക്ത കേരളം പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്? വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) ഉണ്ട്, മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ജനപ്രാതിനിധ്യത്തോടെ സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ, കോളനികൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചീകരിക്കുക, കെട്ടിക്കിടക്കുന്ന ജലം ഇല്ലായ്മ ചെയ്യുക, സ്വാശ്രയ ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക, ബന്ധപ്പെട്ട വിഷയങ്ങളിൽ പൗരന്മാരുടെ മനോഭാവ രൂപീകരണത്തിനായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യപ്രചാരണം നടത്തുക, മാലിന്യ പരിപാലനം ഉറപ്പിക്കാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പുതിയ പ്ലാന്റുകളുടെ നിർമ്മാണം, നിലവിലുള്ള പ്ലാന്റുകളുടെ ആധുനികവൽക്കരണം, വികേന്ദ്രീകൃത മാലിന്യ സംസ്കരണം എന്നീ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. |

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കേന്ദ്രവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (മുൻ നിർമ്മൽ ഭാരത് അഭിയാൻ) പദ്ധതിയുടെ സഹായം, പദ്ധതി നടപ്പാക്കുന്നതിന് വിനിയോഗിക്കുന്നുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്? വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) സംസ്ഥാന പ്ലാൻ വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി സഹായം എന്നിവയിലൂടെ മാലിന്യ പരിപാലനം, ശുചിത്വം, വിവര വിജ്ഞാന വ്യാപനം, ശേഷി വികസനം തുടങ്ങിയ ഘടകങ്ങൾക്കായി ലഭിക്കുന്ന തുകയാണ് പദ്ധതി നടത്തിപ്പിനായി കണ്ടെത്തി വിനിയോഗിക്കുന്നത്.

സെക്ഷൻ ഓഫീസർ